# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2613 — 09.07.2015 ൽ മറുപടിയ്ക്ക്

### പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിരുന്നുവോ; | (എ) ആരംഭിച്ചിരുന്നു. |
| (ബി) എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (ബി) പുതിയ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനായി 342 ച. അടി വിസ്തീർണ്ണമുള്ള KP 407 C നമ്പർ കടമുറി കണ്ടെത്തിയിരുന്നുവെങ്കിലും ഉടമസ്ഥൻ ആവശ്യപ്പെട്ട വാടക നിരക്ക് വളരെ കൂടുതലായതിനാൽ കെട്ടിടം വാടകയ്ക്ക് എടുക്കുവാൻ കഴിഞ്ഞില്ല. പിന്നീട് 140 ച. അടി വിസ്തീർണ്ണമുള്ള മറ്റൊരു കടമുറി കണ്ടെത്തിയിരുന്നുവെങ്കിലും ഉടമസ്ഥൻ ആവശ്യപ്പെട്ട വാടക സപ്ലൈകോ അംഗീകരിച്ച നിരക്കിന്റെ ഇരട്ടിയാണ്. പഞ്ചായത്ത് അധികാരികളുടേയും സാമൂഹിക പ്രവർത്തകരുടേയും സഹായത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്താനുള്ള ശ്രമം തുടർന്നുവരുന്നു. |
| (സി) ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടത് ആരാണ്; | (സി) പാരിപ്പള്ളിയിൽ പുതിയ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് കൊല്ലം ജില്ലാ സപ്ലൈകോ ഡിപ്പോ മാനേജർ ആണ് സപ്ലൈകോ തലത്തിൽ പ്രാരംഭ നടപടികൾ സ്വീകരിക്കുന്നത്. |
| (ഡി) സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങാനിരിക്കുന്ന ഈ പ്രദേശത്ത് മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഇ) പാരിപ്പള്ളിയിൽ പുതിയ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സം സപ്ലൈകോയുടെ നിബന്ധനകൾക്ക് വിധേയമായി അനുയോജ്യമായ കെട്ടിടം ലഭ്യമല്ല എന്നുള്ളതാണ്. സ്ഥലത്തെ സാമൂഹിക പ്രവർത്തകരുമായും, പഞ്ചായത്ത് അധികൃതരുമായും ബന്ധപ്പെട്ട് സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ റീജിയണൽ മാനേജർക്കും, ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറക്ക് പാരിപ്പള്ളിയിൽ മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ